04.10.2011

പ്രസിദ്ധീകരണത്തിന്,

# കുട്ടികളുടെ പുസ്തകോത്സവം
# ഒക്ടോബർ 7 മുതൽ നവംബർ 3 വരെ

അന്താരാഷ്ട്ര പുസ്തകോത്സവസമിതിയുടെ ആഭിമുഖ്യത്തിൽ വിവിധസ്കൂളുകളിൽ വിദ്യാർഥികളുടെയും സ്കൂൾ അധികൃതരുടെയും സഹകരണത്തോടെ ഒക്ടോബർ 7 മുതൽ നവംബർ 3 വരെ സ്കൂൾ തലത്തിൽ കുട്ടികളുടെ പുസ്തകോത്സവം നടത്തുന്നു. നൂറിലധികം സ്കൂളുകളിൽ ഈ വർഷം പുസ്തകോത്സവം സംഘടിപ്പിക്കുന്നു. ഒന്നാം സമ്മാനം ലഭിക്കുന്ന സ്കൂളിന് 5000 രൂപയുടെ പുസ്തകങ്ങളും ട്രോഫിയും, രണ്ടാം സമ്മാനം ലഭിക്കുന്ന സ്കൂളിന് 3000 രൂപയുടെ പുസ്തകങ്ങളും ട്രോഫിയും, മൂന്നാം സമ്മാനം ലഭിക്കുന്ന സ്കൂളിന് 1000 രൂപയുടെ പുസ്തകങ്ങളും ട്രോഫിയും, ഒരോ സ്കൂളിലേയും മികച്ച പ്രദർശനം കാഴ്ച വയ്ക്കുന്ന കുട്ടിക്ക് 500 രൂപയുടെ പുസ്തകവും സർട്ടിഫിക്കറ്റും അന്താരാഷ്ട്ര പുസ്തകോത്സവവേദിയിൽവച്ച് സമ്മാനമായി നൽകും. ലൈബ്രറികളിലും വിദ്യാർഥികളുടെ കൈവശവുമുള്ള പുസ്തകങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് അതാതു സ്കൂളുകളിൽ സ്കൂളധികൃതർ തന്നെയാണ് പുസ്തകോത്സവം സംഘടിപ്പിക്കുന്നത്.

ഈ വർഷത്തെ കുട്ടികളുടെ പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 7 വെള്ളിയാഴ്ച രാവിലെ 10.30 ന് കാക്കനാട് പാലച്ചുവട് വ്യാസവിദ്യാലയത്തിൽവച്ച് പ്രശസ്ത സിനിമാസംവിധായകൻ സിദ്ധിഖ് നിർവഹിക്കും. കെ.കെ.പിള്ള (ചെയർമാൻ, വ്യാസ ചാരിറ്റബിൾ ട്രസ്റ്റ്) അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഡോ. സി.പി.താര (പ്രസിഡന്റ്, അന്താരാഷ്ട്ര പുസ്തകോത്സവസമിതി) ആമുഖപ്രഭാഷണം നടത്തും. പി.ഐ.മുഹമ്മദാലി (മുനി. ചെയർമാൻ), പി. എസ്. ദിവാകരപൈ, നൗഷാദ് പല്ലച്ചി(മുനി. കൗൺസിലർ) തുടങ്ങിയവർ പങ്കെടുക്കും.

വിശ്വസ്തതയോടെ

ഇ.എൻ.നന്ദകുമാർ
സെക്രട്ടറി